"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം അയിലറ യു പി എസിലെ മാനേജർ ഫയൽ ചെയ്ത WA No. 1582/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.12.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.939/2022/GEDN തീയതി,തിരുവനന്തപുരം, 18-02-2022

പരാമർശം:-

1. കൊല്ലം അയിലറ യു പി എസ് ലെ മാനേജർ സമർ പ്പിച്ച 10.11.2021 ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 18)

2.കൊല്ലം അയിലറ യു പി എസിലെ മാനേജർ ഫയൽ ചെയ്ത WA No. 1582/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.12.2021 ലെ വിധിന്യായം

3.അഞ്ചൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31.12.2021 ലെ C/1520/2021 നമ്പർ കത്ത്

4.പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7.1.2022 ലെ B1/4362/2021 നമ്പർ കത്ത്

5.കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 10.1.2022 ലെ DDEKLM/14619/2021-B2 നമ്പർ കത്ത്

6 . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.1.2022 ലെ F4/15268/2021/DGE നമ്പർ കത്ത്

ഉത്തരവ്

കൊല്ലം അയിലറ യു പി എസ് ലെ മാനേജർ ഫയൽ ചെയ്ത WA No. 1582/2021 കേസിൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച 1.12.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ഹർജിക്കാരനെയും ആറാം എതിർ കക്ഷിയെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുവാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ

കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രൂഗിൾ മീറ്റ് വഴി 25.01.2022-ന് കേട്ടു.

2) ഹർജിക്കാരന്റെ എക്സിബിറ്റ് പി-18 ലെ വാദം ചുവടെ ചേർക്കുന്നു.

എ) തന്റെ മാനേജ്മെന്റിൽപ്പെട്ട അയിലറ യു.പി.എസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ടി സ്കൂളിലെ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജായ ശ്രീമതി. സി.റ്റി.ശ്രീലതയ്ക്കെതിരെ നിരവിധി പരാതികൾ രക്ഷകർത്താക്കളിൽ നിന്നും നാട്ടുകാരിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ ഒരു അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 20/09/2021 ൽ അഞ്ചൽ എ.ഇ.ഒ യ്ക്ക് സ്കൂൾ മാനേജരായ താൻ ഒരു കത്ത് നല്കിയിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിൽ 07/10/2021 ൽ എ.ഇ.ഒ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി വിശദമായ അന്വേഷണം നടത്തുകയും സൂചന 3 പ്രകാരം അന്വേഷണ റിപ്പോർട്ട് നല്കി ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ടി അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

ബി) സ്കൂൾ മാനേജർ പരാതിയിൽ ആരോപിക്കപ്പെട്ടതുപോലെ സ്കൂളിലെ അക്കാദമിക കാര്യങ്ങളിൽ പ്രധാനാദ്ധ്യാപിക ശ്രദ്ധചെലുത്തുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്നു. കോവിഡ് മഹാമാരിമൂലം സ്കൂൾ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കി ഓൺലൈൻ ക്ലാസ്സ് നല്കുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരം ടി സ്കൂളിൽ ക്ലാസ്സുകൾ കൃത്യമായി നടത്തുകയോ ക്ലാസ്സുകൾ പ്രഥമാദ്ധ്യാപിക മോണിറ്റർ ചെയ്യുകയോ ഉണ്ടായില്ല. കൂടാതെ 30/07/2019 ലെ വിരമിയ്ക്കൽ ഒഴിവിൽ നിയമിതനായ നിയമനാംഗീകാരം ലഭിക്കാത്ത ശ്രീ. ജിതേഷ്.ജി എന്ന അദ്ധ്യാപകനെ ഓൺലൈൻ ക്ലാസ്സിൽ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ല. ഓൺലൈൻ ക്ലാസ്സിലെ വീഴ്ചകൾ സംബന്ധിച്ച് സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ് അധ്യാപകരിൽ നിന്ന് വിശദീകരണം തേടിയതായി കാണുന്നു. എന്നാൽ പ്രസ്തുത വിശദീകരണത്തിന്മേൽ കൈകൊണ്ട നടപടി വിവരം മാനേജരെയോ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെയോ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ് അറിയിച്ചിട്ടില്ല.

എസ്.ആർ.ജി മീറ്റിംഗ് പ്രതിമാസം 2 തവണ ചേരേണ്ടിയിരുന്നതാണ്. എന്നാൽ ഈ അദ്ധ്യയന വർഷം 2 തവണ മാത്രമേ കൂടിയിട്ടുള്ളൂ. മീറ്റിംഗ് കൂടി തീരുമാനങ്ങളെടുത്താൽ പുറത്ത് വരുമ്പോൾ സ്കൂളിന് പുറത്തുള്ളവരുമായി ആലോചിച്ച് തീരുമാനങ്ങൾ നടപ്പാക്കാറില്ല. അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സെടുക്കുന്നതിന്റെ രേഖപ്പെടുത്തലുകൾ സൂക്ഷിച്ചിട്ടില്ല. ജൂൺ മാസം മുതൽ അദ്ധ്യാപകർ ഹാജരായി എന്നുള്ളതിന് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സ്കൂളിൽ അദ്ധ്യാപക രക്ഷാകർതൃ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ് നടപ്പിൽ വരുത്തുന്നില്ല. സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജും അദ്ധ്യാപകരും തമ്മിലുള്ള ഏകോപനമില്ലായ്മ സ്കൂൾ അധ്യായനത്തെ ബാധിക്കുന്നതായി പി.റ്റി.എ മദർ.പി.റ്റി.എ ഭാരവാഹികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകർ കൃത്യമായി ഹാജരാകുന്നില്ല എന്നും, സ്കൂൾ സമയത്തിന് മുൻപ് സ്കൂൾ വിട്ട് പോകുന്നതായും ഇവർ ആരോപിയ്ക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ സ്കൂളിലുണ്ടായിട്ടുണ്ടെങ്കിൽ സീനിയർ

അസിസ്റ്റന്റ് ഇൻ ചാർജ്ജിന്റെ വീഴ്ചയായി മാത്രമെ കാണാൻ കഴിയുകയുള്ളൂ. മാനേജരുടെ പരാതിയിലെ മറ്റ് ആരോപണങ്ങളായ മുൻ പ്രഥമാദ്ധ്യാപികയുടെ കാലത്തെ പരീക്ഷാപേപ്പർ കൈമാറ്റം സംബന്ധിച്ച്, ശ്രീ.പി.എൽ.ശ്രീലാലിന്റെ സേവനപുസ്തകത്തിന്റെ പേജ് കീറി നശിപ്പിച്ചത് സംബന്ധിച്ചും എ.ഇ.ഒ അന്വേഷിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. പ്രഥമാദ്ധ്യാപിക ഓഫീസ് ആവശ്യത്തിനും മറ്റുമായി സ്കൂൾ വിട്ട് പോകുന്ന അവസരത്തിൽ മറ്റ് അദ്ധ്യാപകർക്ക് ചുമതല രേഖാമൂലം കൈമാറുന്നില്ല എന്നത് കൃത്യവിലോപമായി കാണുന്നു.

പരാതിക്കാരനായ സ്കൂൾ മാനേജർ ടിയാന്റെ ചുമതല കൃത്യമായി നിർവഹിക്കാത്തത് സ്കൂളിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്കുള്ള കാരണങ്ങളിലൊന്നാണ്. നിലവിലുള്ള സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജിന് വിവിധ കാരണങ്ങളാൽ 19/07/2019 ൽ മാനേജർ മെമ്മോ നൽകിയിട്ടുള്ളതും ആയതിൽ നിഷേധാത്മക മറുപടിയാണ് ടീച്ചർ ഇൻ ചാർജ്ജ് നൽകിയിട്ടുള്ളതെന്ന് മാനേജർ പരാതിയിൽ ആരോപിച്ചിട്ടുണ്ട്. സമയബന്ധിതമായി പരാതിയിന്മേൽ തീർപ്പ് കല്പിക്കുന്നതിനോ, അച്ചടക്ക നടപടി സ്വീകരിക്കുന്നതിനോ വരുത്തിയ വീഴ്ച സ്കൂളിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സ് കൃത്യമായി എടുക്കുന്നില്ല എന്ന ആരോപണം ഉന്നയിക്കുന്നതിന് പകരം മാനേജരുടെ അധികാരമുപയോഗിച്ച് അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിന് മാനേജർക്ക് കഴിഞ്ഞിട്ടില്ല. മാനേജർ, ടീച്ചർ ഇൻ ചാർജ്ജ്, അദ്ധ്യാപകർ എന്നിവരുടെ ഐക്യത്തോടെയുള്ള പ്രവർത്തനമില്ലായ്മയാണ് സ്കൂളിന്റെ ഇന്നത്തെ സ്ഥിതിക്ക് കാരണമെന്ന് ബോധ്യപ്പെടുന്നു.

സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ് നല്കുന്ന നിർദ്ദേശങ്ങൾ അദ്ധ്യാപകർ കൃത്യമായും പാലിക്കുന്നില്ല. 2019 ന് ശേഷം സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നതായും ഡിവിഷനുകൾ നഷ്ടപ്പെടുന്നതായും കാണുന്നു. സ്കൂളിന്റെ അദ്ധ്യയനം സംബന്ധിച്ച് PTA, MPTA ഭാരവാഹികൾ നല്കിയ പരാതിയിൽ അദ്ധ്യാപകരുടെ ക്ലാസ്സിലെ പോരായ്മയെക്കുറിച്ചുള്ള പരാമർശം ശരിയാണെന്ന് തെളിയിക്കുന്നതരത്തിലാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

<u>നിർദ്ദേശങ്ങൾ</u>

മാനേജരുടെ പരാതി പരിശോധിച്ചതിൽ സ്കൂൾ അക്കാദമിക് കാര്യങ്ങളിൽ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച കാണുന്നു. ആയതിനാൽ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 1 4 എ പ്രകാരം ഉചിതമായ തീരുമാനം കൈകൊള്ളുന്നതിന് മാനേജരെ ചുമതലപ്പെടുത്തുന്നു.

സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന് മാനേജർ മുൻകൈ എടുക്കേണ്ടതാണ്. സ്കൂളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജ്, മറ്റ് അദ്ധ്യാപകർ, PTA, MPTA ഭാര വാഹികൾ എന്നിവരുമായി കൂടിയാലോചനയിലൂടെ പരിഹരിക്കേണ്ടതും സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാനേജർ അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതുമാണ്.

സി) മേൽ പറഞ്ഞ പ്രകാരമുള്ള എ.ഇ.ഒ.യുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ടി സ്കൂളിലെ സീനിയർ അസിസ്റ്റന്റ് ഇൻചാർജ്ജ് ശ്രീമതി. സി.റ്റി. ശ്രീലത ടി തസ്തികയിൽ സർവ്വീസിൽ തുടരുന്നത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെയും, ഇതുമായി ബന്ധപ്പെട്ട അന്വേഷണ നടപടികളേയും ബാധിയ്ക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാരിയെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് 27/10/2021 മുതൽ സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ പകർപ്പ് ഇതുമായി ബന്ധപ്പെട്ട പ്രാഥമിക അന്വേഷണം നടത്തി സസ്പെൻഷൻ നടപടി 15 ദിവസത്തിലധികം നീട്ടുന്നതിനുള്ള അനുമതിയ്ക്കായി അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് 21/10/2021 ലെ കത്ത് പ്രകാരം നല്കിയിരുന്നു.

ഡി) മേൽപറഞ്ഞ വിഷയത്തിൽ സൂചന 3 പ്രകാരം എ.ഇ.ഒ അന്വേഷണം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലൂടെ ശ്രീമതി. സി.റ്റി.ശ്രീലത സീനിയർ അസിസ്റ്റന്റ് നല്കിയ വിശദീകരണത്തിൽ തന്റെ ഭാഗത്തുനിന്നും അക്കാദമിക കാര്യങ്ങളിൽ ഉണ്ടായ വീഴ്ച ബോദ്ധ്യപ്പെടുകയും തെറ്റ് ഇനി ആവർത്തിക്കില്ല എന്നും തികഞ്ഞ ആത്മാർത്ഥതയോടും, സത്യസന്ധതയോടും വിദ്യാർത്ഥികളുടേയും സ്കൂളിന്റെയും ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുമെന്നും രേഖാമൂലം ഉറപ്പ് നല്കുകയും ചെയ്തിട്ടുള്ളതിനാൽ ശ്രീമതി. സി.റ്റി.ശ്രീലതയുടെ വേലവിലക്ക് 15 ദിവസത്തിൽ കൂടുതൽ തുടരേണ്ടതില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാരിയെ സർവ്വീസിൽ പുന:പ്രവേശിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

മേൽ പറയുന്ന സാഹചര്യത്തിൽ സ്കൂളിന്റെ അക്കാദമിക കാര്യങ്ങളിൽ ഗുരുതരമായ വീഴ്ചകൾ വരുത്തിയതിനെ തുടർന്ന് അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത ശ്രീമതി.സി.റ്റി.ശ്രീലത സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ്ജിനെ സർവ്വീസിൽ പുനപ്രവേശിപ്പിയ്ക്കാൻ നിർദ്ദേശം നൽകിയിരിക്കുന്ന അഞ്ചൽ എ.ഇ.ഒ യുടെ ഉത്തരവ് റദ്ദ് ചെയ്യും, ടിയാരിയുടെ സസ്പെൻ ഷൻ 15 ദിവസത്തിലധികം നീട്ടുന്നതിനും സർക്കാർ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3) ശ്രീമതി.ശ്രീലതയുടെ വാദം ചുവടെ ചേർക്കുന്നു.

എ) അയിലറ യു.പി.സ്കൂളിലെ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണം സ്കൂൾ മാനേജരുടെ പരിധി വിട്ടുള്ള ഇടപെടലുകളും നിക്ഷിപ്ത താല്പര്യവുമാണ്. താൻ സർവ്വീസിൽ പ്രവേശിച്ചിട്ട് പതിനാറിലധികം വർഷമായി. 2019 വരെ തനിക്കെതിരെ യാതൊരുവിധ പരാതിയോ ആക്ഷേപമോ ഒരു ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. അടുത്തകാലത്തായി ഉണ്ടായിട്ടുള്ള പരാതികൾ ചിലരുടെ ഗൂഢാലോചനയുടെ പ്രതിഫലനമായി കാണേണ്ടതാണ്.

ബി) തനിക്കെതിരെയുള്ള സസ്പെൻഷൻ പിൻവലിക്കാൻ മാനേജർ മുന്നോട്ടുവച്ച ഉപാധികൾ, 1. പ്രൊമോഷനു വേണ്ടി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് പിൻവലിക്കുക 2. പ്രൊമോഷൻ പരിത്യജിച്ചു കൊണ്ട് കത്തു നൽകുക 3. ക്ഷമാപണം നടത്തുക ഇത് വിദ്യാഭ്യാസ ആഫീസറുടെ

സാന്നിധ്യത്തിലാണ് നടന്നത്. ഇക്കാര്യം അന്വേഷണ റിപ്പോർട്ടിൽ വന്നില്ല തന്നെ എച്ച്.എം സ്ഥാനത്തു നിന്നും ഒഴിവാക്കാനുള്ള ശ്രദ്ധലക്ഷ്യം മാനേജരുടെ ഓരോ നീക്കത്തിലും വ്യക്തമാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് വിദ്യാഭ്യാസ ആഫീസറിൽ നിന്നും ഉണ്ടായത്

സി) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഉൾപ്പെടെ നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അവ ഫലവത്തായി നടപ്പിലാക്കുന്നതിന് ഒരു സ്കൂളിൽ അംഗീകൃത പ്രഥമാദ്ധ്യാപികയുടെ അനിവാര്യത ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. സർക്കാരിന്റെ അക്കാദമിക പദ്ധതികളുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥനാണ് ഉപജില്ല വിദ്യാഭ്യാസ ആഫീസർ. അയിലറ യു.പി.സ്കൂളിൽ പ്രഥമാദ്ധ്യാപികയില്ലാതായിട്ട് (01/04/2019 മുതൽ) മൂന്നു വർഷമാകാറായി. ഇതെന്തുകൊണ്ട് എന്നന്വേഷിക്കാൻ വിദ്യാഭ്യാസ ആഫീസർ തയ്യാറായിട്ടില്ല.

ഡി) സ്കൂളിൽ പ്രഥമാദ്ധ്യാപികയില്ല എന്നത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. പ്രഥമാദ്ധ്യാപികയുടെ വീഴ്ചയെക്കുറിച്ചാണ് പരാതി. എന്നാൽ അങ്ങനെയൊരാളെ നിയമിച്ചിട്ടില്ല. താൻ സീനിയർ അസിസ്റ്റന്റ് ഇൻ ചാർജ് മാത്രമാണ്. അക്കാദമികവും ഭരണപരവുമായ എല്ലാ കാര്യങ്ങൾക്കും രേഖകളുമായി ഉപജില്ല വിദ്യാഭ്യാസ ആഫീസിൽ പോകേണ്ടി വരുന്ന ഒരു മെസഞ്ചർ മാത്രമാണ്. പൂർണ്ണയോഗ്യതയുള്ള പ്രഥമാദ്ധ്യാപികയായിരുന്നെങ്കിൽ മേൽ വിവരിച്ച യാത്രകൾ നല്ലൊരു പങ്കും ഒഴിവാക്കുകയും സ്കൂൾ നടത്തിപ്പിലും അക്കാദമിക കാര്യങ്ങളിലും കൂടുതൽ ശ്രദ്ധിക്കാൻ സമയം ലഭിക്കുകയും ചെയ്യുമായിരുന്നു.

ഇ) തനിക്കെതിരെ പരാതിപ്പെട്ട അദ്ധ്യാപകർ സൂചിപ്പിച്ചിട്ടുള്ളത് താൻ പറഞ്ഞാൽ മറ്റുള്ള അദ്ധ്യാപകർ അനുസരിക്കില്ലെന്നാണ്. തങ്ങളുടെ അവധി, ഇൻക്രിമെന്റ് മുതലായ ഒരു സർവ്വീസ് കാര്യത്തിലും തീർപ്പ് കൽപിക്കാൻ അധികാരമില്ലാത്ത ഒരു സഹപ്രവർത്തകയെ എന്തിനനുസരിക്കണം എന്നു ചിന്തിക്കുന്നത് സ്വാഭാവികമാണല്ലോ.ടെസ്റ്റ് യോഗ്യത നേടിയ ഏറ്റവും സീനിയറായ തനിക്ക് പ്രഥമാദ്ധ്യാപക നിയമനം നിഷേധിച്ചത് ചട്ട ലംഘനവും സാമാന്യ നീതി നിഷേധിക്കലുമാണ് കെ.ഇ.ആർ അദ്ധ്യായം III ലെ ചട്ടം 7(4) പ്രകാരം അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിക്കുന്നത് മാനേജരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ ക്രമക്കേടാണ്. അതിന്റെ ഫലമായി സർക്കാരിനോ അദ്ധ്യാപകർക്കോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം മാനേജരിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ വഴി ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വർഷങ്ങൾ കഴിഞ്ഞിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

എഫ്) കെ.ഇ.ആർ അദ്ധ്യായം III ലെ ചട്ടം 9 പ്രകാരം സ്കൂൾ മാനേജരുടെ കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വചിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഉപചട്ടം (4) പ്രകാരം മാനേജർ സ്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങളിൽ ഇടപെടാൻ പാടില്ലെന്നു നിർദ്ദേശിക്കുന്നു. എന്നാലിവിടെ പരിധി ലംഘിച്ചുള്ള പ്രവർത്തനമാണ് മാനേജരുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. അദ്ധ്യാപകരെപ്പറ്റിയോ,

ക്ളാസുകളെപ്പറ്റിയോ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ബോധിപ്പിക്കേണ്ടത് പ്രഥമാദ്ധ്യാപക ചുമതലയുള്ള ആളിനോടാണെന്ന് അറിയാത്ത ഒരു രക്ഷാകർത്താവും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നിരിക്കെ സ്കൂളിൽ നിന്നും വളരെ അകലെ താമസിക്കുന്ന മാനേജർക്കു മാത്രം പരാതി ലഭിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാണ്. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ മാനേജർ ഇടപെടുന്നത് കെ.ഇ.ആർ പ്രകാരം വിലക്കിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

ജി) മാനേജരുടെ 26/10/2021 ലെ ഉത്തരവു പ്രകാരമാണ് തനിക്കെതിരെ വേലവിലക്ക് ഏർപ്പെടുത്തിയത്. അഞ്ചൽ ഉപജില്ല വിദ്യാഭ്യാസ ആഫീസറുടെ 09/11/2021 ലെ ഉത്തരവു പ്രകാരം തന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചുവെങ്കിലും മാനേജർ അനുസരിച്ചില്ല. ഒടുവിൽ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/12/2021 ൽ മാത്രമാണ് തിരികെ പ്രവേശിപ്പിച്ചത്. തൽ ഫലമായി 26/10/2021 മുതൽ 30/11/2021 വരെയുള്ള 3 6 ദിവസങ്ങൾ താൻ സസ്പെൻഷനിൽ നിൽക്കേണ്ടി വന്നു. കെ.ഇ.ആർ അദ്ധ്യായം XIV എ യിലെ ചട്ടം 67(7) പ്രകാരം വിദ്യാഭ്യാസ ആഫീസറുടെ മുൻകൂർ അനുമതിയില്ലാതെ ഒരു അദ്ധ്യാപികയെ 15 ദിവസത്തിലധികം തുടർച്ചയായി സസ്പെൻഷനിൽ നിർത്താൻ പാടില്ല എന്നിരിക്കെയാണ് നിശ്ചിത സമയപരിധിയുടെ ഇരട്ടിയിലധികം ദിവസങ്ങൾ എന്നെ സസ്പെൻഷനിൽ നിർത്തിയത്. എന്നാൽ വളരെ ഗുരുതരമായ ഈ ചട്ട ലംഘനത്തിനെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

എച്ച്) കെ.ഇ.ആർ അദ്ധ്യായം XIV എ-യിലെ ചട്ടം 67(ബി) പ്രകാരമാണ് വിദ്യാഭ്യാസ ആഫീസർ സസ്പെൻഷൻ റദ്ദ് ചെയ്ത് ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവിടുന്നത്. Order under Rule 67(8) is not appealable but revisable എന്ന് വിവിധ കോടതി വിധികളിലൂടെ സ്പഷ്ടീകരിച്ചിട്ടുണ്ട്. അതനുസരിച്ച് മാനേജർ ആദ്യം വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവു നടപ്പിലാക്കുകയും അതിനുശേഷം ചട്ടം 9 2 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ചട്ടം 67(7) ന്റെ ലംഘനം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ചട്ടങ്ങളും ഉത്തരവുകളുമൊന്നും തനിക്ക് ബാധകമല്ലെന്ന നിലപാടിലാണ് മാനേജർ. മാനേജരുടെ എല്ലാ നടപടികളും വകുപ്പുതല പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമാണെന്ന ചട്ടം അദ്ദേഹം അംഗീകരിക്കുന്നില്ല.

ഐ) ഏതാനും അദ്ധ്യാപകരേയും രക്ഷാകർത്താക്കളേയും തനിക്കെതിരെ നിലകൊള്ളാൻ പ്രേരിപ്പിക്കുന്ന സമീപനമാണ് മാനേജർ സ്വീകരിച്ചിട്ടുള്ളത്. അദ്ധ്യാപകരുടെ കൂട്ടായ്മയെ നശിപ്പിക്കുന്ന ഇത്തരം പ്രവൃത്തികൾ സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനു ഗുണകരമല്ല.

ജെ) ആദ്യ ഖണ്ഡികകളിൽ വിവരിച്ചതു പോലെ പരിചയക്കുറവ് മൂലം ഓൺലൈൻ ക്ലാസുകളുടെ ആരംഭഘട്ടത്തിൽ ചില വീഴ്ചകളുണ്ടായിട്ടുണ്ട്. അത് പരിഹരിച്ച് മുന്നോട്ടു പോവുകയാണ്. ഏതെങ്കിലും കുട്ടിയോടോ രക്ഷാകർത്താവിനോടോ താൻ മോശമായി പെരുമാറിയിട്ടില്ല. സർക്കാരിൽ നിന്നും ശമ്പളം പറ്റുന്ന ജീവനക്കാരിയെന്ന നിലയിൽ സത്യസന്ധമായും ചട്ടപ്രകാരവും മാത്രമേ താൻ പ്രവർത്തിച്ചിട്ടുള്ളൂ. മന:പൂർവ്വമല്ലാതെയുള്ള വീഴ്ചകൾ പരിഹരിക്കുന്നതിലും വകുപ്പുതല നിർദ്ദേശങ്ങൾ

അനുസരിക്കുന്നതിലും യാതൊരു അലംഭാവവും താൻ കാണിക്കാറില്ല.

കെ) മാനേജരുടെ പരാതികൾ അടിസ്ഥാനരഹിതവും ചില സ്ഥാപിത താല്പര്യങ്ങളുടെ പേരിൽ കെട്ടിച്ചമച്ചതുമാണെന്ന് ബോദ്ധ്യപ്പെടണമെന്ന് അപേക്ഷിക്കുന്നു. അതോടൊപ്പം സ്കൂളിന്റെയും കുട്ടികളുടേയും ഭാവിയെക്കരുതി താഴെപറയുന്ന കാര്യങ്ങളിൽക്കൂടി തീരുമാനമുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

1. ഏകദേശം മൂന്നു വർഷമായി ഒഴിഞ്ഞു കിടക്കുന്ന പ്രഥമാദ്ധ്യാപക തസ്തികയിൽ 01/04/2019 മുതൽ നിയമനം നടത്തുക.

2. മാനേജരുടെ അതിരുവിട്ട പ്രവർത്തനങ്ങളേയും ചട്ടലംഘനങ്ങളേയും നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4) വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള അയിലറ യു.പി.സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിലെ വീഴ്ച സംബന്ധിച്ചും, മറ്റു വിവിധ ആരോപണങ്ങളുന്നയിച്ചും ടി സ്കൂളിലെ സീനിയർ അസിസ്റ്റന്റ്-ഇൻ-ചാർജ്ജായ ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്കെതിരെ മാനേജർ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും, സീനിയർ അസിസ്റ്റന്റ് ഇൻ-ചാർജ്ജായ ശ്രീമതി. ശ്രീലത.സി.റ്റി - യുടെ ഭാഗത്തുനിന്നും അക്കാദമിക കാര്യങ്ങളിൽ ഉണ്ടായ വീഴ്ച ബോദ്ധ്യപ്പെടുകയും, തുടർന്ന് സ്കൂളിലെ കൃത്യനിർവ്വഹണത്തിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം നൽകിയിട്ടുള്ളതും ഇതോടൊപ്പം അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 18/10/21 ലെ സി/1520/21 നമ്പർ അന്വേഷണ റിപ്പോർട്ട് മാനേജർക്ക് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് മാനേജർ 27/10/2021 മുതൽ 15 ദിവസത്തേയ്ക്ക് ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്ക് വേലവിലക്ക് ഏർപ്പെടുത്തുകയും വേലവിലക്ക് ഏർപ്പെടുത്തിയ വിവരം മാനേജരുടെ 26/10/2021-ലെ ഉത്തരവ് നം. 70/2021 പ്രകാരം അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 03/11/2021-ൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 67(8) പ്രകാരം അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തുടർ അന്വേഷണം നടത്തുകയും, മാനേജരെയും, വേലവിലക്കിലുള്ള അദ്ധ്യാപിക, ശ്രീമതി. ശ്രീലത.സി.റ്റി-യെയും നേരിൽ കേൾക്കുകയുമുണ്ടായി. തുടർന്ന് മാനേജർ ടി അദ്ധ്യാപികയുടെ വേലവിലക്ക് കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിച്ച് നൽകണമെന്ന് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറോട് രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി.

ബി) ശ്രീമതി. ശ്രീലത.സി.റ്റി യ്ക്ക് തന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച ബോദ്ധ്യപ്പെടുകയും തെറ്റ് ഇനി ആവർത്തിക്കില്ല എന്ന് രേഖാമൂലം ഉറപ്പ് നൽകിയതിന്റെയും അടിസ്ഥാനത്തിൽ വേലവിലക്ക് കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കേണ്ടതില്ല എന്ന് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് ബോദ്ധ്യപ്പെടുകയും ശ്രീമതി. ശ്രീലത.സി.റ്റി-യെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന്

അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 09/11/2021-ലെ സി/1520/21 നം. പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

സി) മാനേജർ ശ്രീമതി. ശ്രീലത.സി.റ്റി-യെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നില്ലെന്ന് കാണിച്ച് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പരാതി നൽകിയ സാഹചര്യത്തിൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 67(8) അനുസരിച്ച് ടി അദ്ധ്യാപികയെ പുന:പ്രവേശിപ്പിക്കുന്നതിനും അല്ലാത്തപക്ഷം മാനേജർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശുപാർശ നൽകുന്നതാണെന്ന് കാണിച്ച് 12/11/2021-ൽ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മാനേജർക്ക് കത്ത് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 15/11/2021-ലെ 82/21-ാം നമ്പർ കത്ത് പ്രകാരം മാനേജർ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകിയ മറുപടിയിൽ ശ്രീമതി. ശ്രീലത.സി.റ്റി-യെ സ്കൂളിൽ പുന:പ്രവേശിപ്പിക്കാൻ അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്ന് നൽകിയ നിർദ്ദേശത്തിനെതിരെ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായും, അപ്പീൽ ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുമെന്നും അറിയിക്കുകയുണ്ടായി.

ഡി) ശ്രീമതി. ശ്രീലത.സി.റ്റി-യെ സ്കൂൾ മാനേജർ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നില്ലെന്ന് ബോധിപ്പിച്ചുകൊണ്ട് 16/11/2021 ൽ ടി.യാരി ഈ കാര്യാലയത്തിൽ പരാതി സമർപ്പിച്ചിരുന്നു. കെ.ഇ.ആർ അധ്യായം XIV എ ചട്ടം 67(8) പ്രകാരവും 28/06/2019 ലെ ജെ1/164/2019/പൊ.വി.വ നമ്പർ സർക്കാർ പരിപത്രത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ ആഫീസർമാർ സസ്പെൻഷൻ റദ്ദ് ചെയ്യാൻ തീരുമാനമെടുത്ത് മാനേജർമാർക്ക് നിർദ്ദേശം നൽകിയാൽ ആയതു മാനേജർ നിർബന്ധമായും പാലിക്കേണ്ടതാണെന്നും വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ മറ്റൊരു വിദ്യാഭ്യാസ അധികാരി മുൻപാകെയും അപ്പീൽ/റിവിഷൻ ഫയൽ ചെയ്യാൻ കെ.ഇ.ആർ-ൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് നടപ്പിലാകാതെ മാനേജർ ടി അദ്ധ്യാപികയെ തുടർന്നും സസ്പെൻഷനിൽ തന്നെ നിർത്തുകയാണെങ്കിൽ ശമ്പളയിനത്തിലും മറ്റ ആനുകൂല്യങ്ങളുടെ ഇനത്തിലും അദ്ധ്യാപികയ്ക്ക് നൽകേണ്ടുന്ന തുക മാനേജറുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 67(8) ലും കെ.ഇ.ആർ അദ്ധ്യായം III ചട്ടം 7(4) C യിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബാധ്യത മാനേജറിൽ നിന്നും റവന്യു റിക്കവറി നിയമ പ്രകാരമുള്ള നടപടികൾക്ക് അനുസരിച്ച് ഈടാക്കാവുന്നതാണെന്നും ടി നിർദ്ദേശങ്ങൾ മാനേജർ പാലിക്കുന്നില്ല എങ്കിൽ കെ.ഇ.ആർ അദ്ധ്യായം III ചട്ടം 7(1) ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നടപടി മാനേജർക്കെതിരെ സ്വീകരിക്കാവുന്നതുമാണെന്നും ടി പരിപത്രത്തിൽ സർക്കാർ അസന്നിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ശ്രീമതി. ശ്രീലത.സി.റ്റിയെ അടിയന്തിരമായി സർവീസിൽ പുനർപ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ/റിവിഷൻ ഒന്നും തന്നെ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കി ശ്രീമതി. ശ്രീലത.സി.റ്റി (Under Suspension) യെ സർവീസിൽ പുന:പ്രവേശിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ആയിലറ യു.പി.എസ്

മാനേജരുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും നടപടി വീഴ്ചയുമായി വിലയിരുത്തുന്നതായും ടി സാഹചര്യത്തിൽ ശ്രീമതി. ശ്രീലത.സി.റ്റി, ടീച്ചർ ഇൻ ചാർജ്ജിനെ അഞ്ചൽ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിന്റെ വെളിച്ചത്തിൽ അടിയന്തിരമായി സർവീസിൽ പുനപ്രവേശിപ്പിക്കുന്നതിന് ആയിലറ യു.പി സ്കൂൾ മാനേജർക്ക് കർശന നിർദ്ദേശം നല്കികൊണ്ടും അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ അയിലറ യു.പി.എസ് മാനേജർക്കെതിരെ കെ.ഇ.ആർ അദ്ധ്യായം III ചട്ടം 7(1) പ്രകാരമുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള മാനേജരുടെ രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചുകൊണ്ട് മാനേജർക്ക് ഈ കാര്യാലയത്തിലെ 01/12/2021 ലെ DDEKLM/14293/2021-B2 നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുണ്ട്.

ഇ) ടി കാരണം കാണിക്കൽ നോട്ടീസിന് 07/12/2021 ലെ 96/2021 നമ്പർ കത്ത് പ്രകാരം മാനേജർ ഈ ആഫീസിൽ സമർപ്പിച്ച മറുപടിയിൽ ശ്രീമതി ശ്രീലത.സിറ്റി യെ സർവീസിൽ പുനർപ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ ബഹു. സർക്കാരിൽ 10/11/2021 ൽ അപ്പീൽ സമർപ്പിച്ചിരുന്നതായും ടി അപ്പീലിൽ തീരുമാനം ലഭിക്കാത്തതിനാൽ 30/11/2021 ലെ മാനേജറുടെ 85/2021 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീലത.സി.റ്റിയെ വേലവിലക്ക് അവസാനിപ്പിച്ച് സർവീസിൽ പുനർപ്രവേശിപ്പിച്ചതായും ആയതിനാൽ ടി വിഷയത്തിലുള്ള തുടർനടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ടി സ്കൂളിൽ 01/04/2019 ൽ ഒഴിവ് വന്ന പ്രഥമാധ്യാപക തസ്തികയിലേക്ക് ശ്രീമതി. ശ്രീലത.സി.റ്റിയെ നാളിതുവരെ പ്രൊമോഷൻ നൽകി നിയമിച്ചിട്ടില്ലാത്ത സ്കൂൾ മാനേജരുടെ ചട്ടവിരുദ്ധമായ നടപടിയും ഇതോടൊപ്പം പരിശോധനക്ക് വിധേയമാക്കേണ്ടതാണ്..

5) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു

എ) ഈ ഓഫീസിന്റെ പരിധിയിലുള്ള അയിലറ യു.പി.സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിലെ വീഴ്ച സംബന്ധിച്ചും, മറ്റു വിവിധ ആരോപണങ്ങളുന്നയിച്ചും ടി സ്കൂളിലെ സീനിയർ അസിസ്റ്റന്റ് -ഇൻ-ചാർജ്ജായ ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്കെതിരെ മാനേജർ ഈ കാര്യാലയത്തിൽ പരാതി നൽകുകയുണ്ടായി. പരാതിയുടെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും, സീനിയർ അസിസ്റ്റന്റ്-ഇൻ-ചാർജ്ജായ ശ്രീമതി. ശ്രീലത.സി.റ്റി-യുടെ ഭാഗത്തുനിന്നും അക്കാദമിക കാര്യങ്ങളിൽ ഉണ്ടായ വീഴ്ച ബോദ്ധ്യപ്പെടുകയും, തുടർന്ന് സ്കൂളിലെ കൃത്യനിർവ്വഹണത്തിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം നൽകിയിട്ടുള്ളതുമാണ്. ഇതോടൊപ്പം അന്വേഷണ റിപ്പോർട്ട് മാനേജർക്ക് സി/1520/21, തീയതി 18/10/21 പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതുമാണ്. തുടർന്ന് മാനേജർ ടി അദ്ധ്യാപികയ്ക്ക് 27/10/2021 മുതൽ 15 ദിവസത്തേയ്ക്ക് ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്ക് വേലവിലക്ക് ഏർപ്പെടുത്തുകയും വേലവിലക്ക് ഏർപ്പെടുത്തിയ വിവരം മാനേജരുടെ 26/10/2021-ലെ ഉത്തരവ് നം.70/2021 പ്രകാരം ഈ

ഓഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 03/11/2021-ൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 67(8) പ്രകാരം തുടർ അന്വേഷണം നടത്തുകയും, മാനേജരെയും, വേലവിലക്കിലുള്ള അദ്ധ്യാപിക, ശ്രീമതി. ശ്രീലത.സി.റ്റി-യെയും നേരിൽ കേൾക്കുകയുമുണ്ടായി. തുടർന്ന് മാനേജർ ടി അദ്ധ്യാപികയുടെ വേലവിലക്ക് കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിച്ച് നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി.

ബി) ശ്രീമതി. ശ്രീലത.സി.റ്റി തന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച ബോദ്ധ്യപ്പെടുകയും തെറ്റ് ഇനി ആവർത്തിക്കില്ല എന്ന് രേഖാമൂലം ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ വേലവിലക്ക് കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കേണ്ടതില്ല എന്ന് ബോദ്ധ്യപ്പെടുകയും ശ്രീമതി. ശ്രീലത.സി.റ്റി-യെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് ഈ ഓഫീസിൽ നിന്നും 09/11/2021-ന് സി/1520/21 നം. ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

സി) മാനേജർ , ശ്രീമതി. ശ്രീലത. സി.റ്റി-യെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നില്ലെന്ന് കാണിച്ച് ഈ ഓഫീസിൽ പരാതി നൽകിയ സാഹചര്യത്തിൽ കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 67(8) അനുസരിച്ച് ടി അദ്ധ്യാപികയെ പുന:പ്രവേശിപ്പിക്കുന്നതിനും അല്ലാത്ത പക്ഷം മാനേജർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശുപാർശ നൽകുന്നതാണെന്ന് കാണിച്ച് 12/11/2021-ൽ മാനേജർക്ക് കത്ത് നൽകുകയുണ്ടായി.

ഡി) ഇതിനെ തുടർന്ന് 15/11/2021-ലെ 82/21-ാം നമ്പർ കത്ത് പ്രകാരം മാനേജർ ഈ ആഫീസിൽ നൽകിയ മറുപടിയിൽ, ശ്രീമതി. ശ്രീലത.സി.റ്റി-യെ സ്കൂളിൽ പുന:പ്രവേശിപ്പിക്കാൻ ഈ ആഫീസിൽ നിന്ന് നൽകിയ നിർദ്ദേശത്തിനെതിരെ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായും, അപ്പീൽ ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു.

ഇ) അയിലറ യു.പി.എസിലെ സീനിയർ അസിസ്റ്റന്റ് ആയ ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്ക് മാനേജർ 27/10/2021മുതൽ വേലവിലക്ക് ഏർപ്പെടുത്തുകയും, വേലവിലക്ക് കാലയളവ് 15 ദിവസമായി നിജപ്പെടുത്തി ടിയാരിയെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന് കാണിച്ച് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് നൽകുകയും, ടി ഉത്തരവിനെതിരെ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും തുടർന്ന് മാനേജരുടെ 30/11/2021-ലെ 85/21-ാം നം. ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീലത.സി.റ്റി-യ്ക്കെതിരെയുള്ള വേലവിലക്ക് അവസാനിപ്പിച്ച് മാനേജർ ടിയാരിയെ സർവ്വീസിൽ പുനപ്രവേശിച്ചിട്ടുള്ളതുമാണ്. തുടർ ന്ന് 30/11/2021ൽ മാനേജർ ടിയാരിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം കൂടി അങ്ങയെ അറിയിച്ചുകൊള്ളുന്നു.

6) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ,

ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കൊല്ലം ഡി.ഡി യുടെയും വിദ്യാഭ്യാസ ഓഫീസറുടെയും റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് ആറാമതു എതിർകക്ഷിയായ ശ്രീമതി ശ്രീലത, മാനേജർ എന്നിവരുടെ ഭാഗത്തുനിന്നും ഒരുപോലെ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നാണ്. എന്നിരുന്നാലും, സസ്പെൻഷൻ ദീർഘിപ്പിക്കണമെന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ വിദ്യാഭ്യാസ ഓഫീസർ സസ്പെൻഷനുള്ള സാഹചര്യമോ കാരണമോ നിലനിൽക്കുന്നില്ലെന്ന് ബോദ്ധ്യപ്പെട്ട് ശ്രീമതി ശ്രീലതയെ തിരിച്ചെടുക്കാൻ ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവിനെതിരെയാണ് സർക്കാരിൽ റിവിഷൻ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത്. ലഭ്യമായ റിപ്പോർട്ടുകളുടെയും ഹാജരാക്കപ്പെട്ട രേഖകളുടെയും ഹിയറിങ് സമയത്തെ വാദങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ശ്രീമതി ശ്രീലതയെ തിരിച്ചെടുക്കാൻ ഉള്ള വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്നില്ല. മാത്രമല്ല, ശ്രീമതി ശ്രീലതയ്ക്കെതിരെ ശിക്ഷാനടപടികൾ മാനേജർക്കു സ്വീകരിക്കേണ്ടതുണ്ടെങ്കിൽ തന്നെ അത് ടിയാരിയെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടു തന്നെ വേണമെന്നുള്ള യാതൊരു നിർബ്ബന്ധിത സാഹചര്യവും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട്, സസ്പെൻഷൻ കൂടാതെ തന്നെ മാനേജർക്കു ശിക്ഷാ നടപടി ചട്ടപ്രകാരം സ്വീകരിക്കാവുന്നതേയുള്ളൂ. അതോടൊപ്പം ശ്രദ്ധിക്കാവുന്ന മറ്റൊരു വസ്തുതയാണ് സ്കൂളിൽ അദ്ധ്യാപക ഒഴിവ് നിലവിൽ വരുന്ന വേളയിലൊക്കെ അതു യോഗ്യരായവരെ വച്ചു നികത്തുന്നതിന് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം. 1 പ്രകാരം മാനേജർ ബാദ്ധ്യസ്ഥനാണെന്നുള്ളത്. പ്രഥമാദ്ധ്യാപക ഒഴിവും ഈ ഗണത്തിലുൾപ്പെടുന്നു. അതുകൊണ്ട്, സ്കൂളിൽ പ്രഥമാദ്ധ്യാപക ഒഴിവ് നിലവിലിരിക്കുന്നതിനാൽ സ്കൂളിന്റെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രസ്തുത ഒഴിവ് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം. 44, 45, 45B, മറ്റു ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പാലിച്ചുകൊണ്ട് ആയതു നികത്താനും മാനേജർ ബാദ്ധ്യസ്ഥനാണ്. ഇപ്രകാരം സ്കൂളിൽ പ്രഥമാദ്ധ്യാപക ഒഴിവ് റഗുലറായി നികത്താതെ, പൂർണ്ണ യോഗ്യതയുണ്ടെന്ന് അവകാശപ്പെടുന്ന ശ്രീമതി ശ്രീലതയെ ടീച്ചർ-ഇൻ- ചാർജ്ജായി മാത്രം നിലനിർത്തിയിരിക്കുന്ന മാനേജറുടെ നടപടി ടീച്ചർ-ഇൻ-ചാർജ്ജായുള്ള നിയമനം വ്യവസ്ഥ ചെയ്തിരിക്കുന്ന കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം.45C(6) യുടെ അന്തസ്സത്തയ്ക്കു വിരുദ്ധവും ഈ നടപടി കെ.ഇ.ആർ അദ്ധ്യായം III ചട്ടം. 7(4)(b) പ്രകാരമുള്ള നടപടികൾ മാനേജർക്കെതിരെ സ്വീകരിക്കുന്നതിനു പര്യാപ്തവുമാണ്. കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ തന്റെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

7) മേൽ വിവരിച്ച സാഹചര്യങ്ങളിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങളോടെ എക്സിബിറ്റ് പി.18 റിവിഷൻ തീർപ്പാക്കി അപ്രകാരം പരാമർശം (2) ലെ ബഹു: ഹൈക്കോടതി വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഒന്ന്) ആറാമതു എതിർകക്ഷിയായ ശ്രീമതി ശ്രീലതയെ സർവ്വീസിൽ തിരിച്ചെടുക്കാതെ, സസ്പെൻഷൻ ദീർഘിപ്പിക്കണമെന്നുള്ള (ഹർജിക്കാരന്റെ അപേക്ഷ നിരസിച്ച അഞ്ചൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് അസ്ഥിരപ്പെടുത്തണമെന്ന) ആവശ്യം ഉന്നയിച്ച്

സർക്കാരിൽ ഫയൽ ചെയ്യപ്പെട്ട എക്സ്ബിറ്റ്.പി.18 റിവിഷൻ നിരസിക്കുന്നു.

രണ്ട്) പ്രഥമാദ്ധ്യാപികയാകുന്നതിനുള്ള പൂർണ്ണ യോഗ്യതയുണ്ടെന്നുള്ള ആറാമതു എതിർകക്ഷിയായ ശ്രീമതി ശ്രീലതയുടെ അവകാശവാദം പരിശോധിച്ചശേഷം മാനേജർ ഈ ഉത്തരവു കൈപ്പറ്റി ഒരാഴ്ചയ്ക്കുള്ളിൽ ശ്രീമതി ശ്രീലതയ്ക്ക് റഗുലർ പ്രഥമാദ്ധ്യാപികയായി നിയമനം നല്കി അംഗീകാരത്തിനായി വിദ്യാഭ്യാസ ഓഫീസർക്ക് പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചശേഷം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി ശ്രീലതയുടെ പ്രഥമാദ്ധ്യാപികനിയമനം തുടർന്നുള്ള ഒരാഴ്ചയ്ക്കുള്ളിൽ അംഗീകരിച്ചു നല്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അഞ്ചൽ

മാനേജർ, അയിലറ യു പി എസ് , അയിലറ പി ഓ, അഞ്ചൽ , കൊല്ലം

ശ്രീമതി സി ടി ശ്രീലത , യു പി എസ് ടി, അയിലറ യു പി എസ് , അയിലറ പി ഓ, അഞ്ചൽ , കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 19-02-2022 12:30:32
സെക്ഷൻ ഓഫീസർ